**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1773** **13-02-2025 - ൽ മറുപടിയ്ക്ക്**

**പൊതു നിരത്തുകളിലെ ട്രാഫിക് സിഗ്നലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു നിരത്തുകളിൽ സ്ഥാപിച്ചിരിക്കുന്ന എല്ലാ ട്രാഫിക് സിഗ്നൽ സംവിധാനങ്ങളിലും പൂർണ്ണ സമയ നിരീക്ഷണം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | പൊതുനിരത്തുകളിലെ ട്രാഫിക് സിഗ്നൽ സംവിധാനങ്ങളിൽ കൃത്യമായ നിരീക്ഷണം നടത്തുന്നതിന് വേണ്ടി പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിച്ച് വരുന്നു. കൂടാതെ തകരാറുകൾ ശ്രദ്ധയിൽപെടുന്ന മുറയ്ക്ക് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | സർക്കാർ വാഹനങ്ങൾ ഉൾപ്പെടെയുള്ള പൊതു ഗതാഗത സംവിധാനങ്ങൾ ട്രാഫിക് സിഗ്നലുകൾ തെറ്റിക്കുന്നത് പരിശോധിക്കുന്നതിനും പിഴ ചുമത്തുന്നതിനും കൂടുതൽ മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 'സമ്പൂർണ്ണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി Red Light Violation Detection System (RLVDS) സ്ഥാപിച്ചിട്ടുണ്ട്. ടി ക്യാമറകൾ ചുവന്ന ലൈറ്റ് മറികടന്ന് പോകുന്ന വാഹനങ്ങളെ കണ്ടെത്തുകയും പിഴ ചുമത്തുകയും ചെയ്യുന്നു. ടി ക്യാമറകൾ പകർത്തുന്ന നിയമലംഘന ദൃശ്യങ്ങൾ അതാത് കൺട്രോൾ റൂമുകളിൽ മോട്ടോർ വാഹന ഉദ്യോഗസ്ഥർ പരിശോധിക്കുകയും ചെലാൻ തയ്യാറാക്കുകയും ചെയ്യുന്നു. ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ച് ഉദ്യോഗസ്ഥർ റോഡിൽ നിന്നും ഇത്തരം പരിശോധനകൾ ചെയ്തുവരുന്നു. |
| (സി) | എ ഐ ക്യാമറ ഉൾപ്പെടെയുള്ള ആധുനിക മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി ട്രാഫിക് സിഗ്നലുകൾ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | സേഫ് കേരള പ്രോജക്ട്, സേഫ് കോറിഡോർ പ്രോജക്ട്, സ്മാർട്ട് സിറ്റി തുടങ്ങിയ പദ്ധതികളിൽ AI ക്യാമറ ഉൾപ്പെടുത്തി ട്രാഫിക് സിഗ്നലുകളുടെ ആധുനികവൽകരണം നടത്തി വരുന്നു. |
| (ഡി) | തിരുവനന്തപുരം നഗര പരിധിയിൽ ഉൾപ്പെട്ട പ്രത്യേകിച്ച് പുളിമൂട് ജംഗ്ഷൻ, ജി.പി.ഒ. പോലുള്ള സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ തെറ്റിക്കുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിനും പിഴ ചുമത്തുന്നതിനും ബോധവത്കരണം നടത്തുന്നതിനും മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ട്രാഫിക് സിഗ്നൽ തെറ്റിക്കുന്ന വാഹനങ്ങളെ നിരത്തുകളിൽ സ്ഥാപിച്ചിരിക്കുന്ന RLVDS (Red Light Violation Detection System) ക്യാമറകൾ കണ്ടെത്തുകയും ക്യാമറകൾ പകർത്തുന്ന നിയമലംഘന ദൃശ്യങ്ങൾ അതാത് കൺട്രോൾ റൂമുകളിൽ മോട്ടോർ വാഹന ഉദ്യോഗസ്ഥർ പരിശോധിച്ച് പിഴ ചുമത്തുകയും ചെയ്യുന്നു. ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ റോഡിൽ നിന്നും ഇത്തരം പരിശോധനകൾ നടത്തുന്നു. |

സെക്ഷൻ ഓഫീസർ